10 മാതൃഭൂമി

Palakkad

Sep 10, 2018

# നഴ്സറി സജ്ജമാക്കി തൊഴിൽ നേടാൻ പരിശീലനം

**കോയമ്പത്തൂർ** ▸ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പുതിയ സംരംഭമായ ഗ്രീൻ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ആരംഭിച്ചു.

ഉദ്യോഗാർഥികൾക്ക് സ്വന്തമായി നഴ്സറി നിർമിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമാണ് പ്രോഗ്രാം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.പി.എസ്. കേന്ദ്രത്തിലാണ് പരിശീലനം. 'ക്വാളിറ്റി പ്ലാന്റിങ്ങ് മെറ്റീരിയൽ-പ്രൊഡ്യൂസർ' വിഷയത്തിലാണ് ഉദ്യോഗാർഥികൾക്ക് പരിശീലനം.

വിത്ത് നഴ്സറി പരിപാലനം, നഴ്സറി നിർമാണം, കീടരോഗബാധ നിയന്ത്രണം, ജൈവവളനിർമാണം, വനത്തോട്ട പരിപാലനം തുടങ്ങിയവയിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധർ പരിശീലനം നൽകും. തമിഴ്നാട് ഫോറസ്റ്റ് അക്കാദമി ഡയറക്ടർ യോഗേഷ് ദ്വിവേദി ആദ്യബാച്ചിന്റെ പരിശീലനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ഡയറക്ടർ ഡോ. മോഹിത് ഗീര, ഗ്രൂപ്പ് കോ-ഓർഡിനേറ്റർ ഡോ. എസ്. മുരുകേശൻ, ഡോ. എ. വിജയരാഘവൻ, സീനിയർ പ്രിൻസിപ്പാൾ സയന്റിസ്റ്റ് ഡോ. കണ്ണൻ വാര്യർ എന്നിവർ പ്രസംഗിച്ചു.